**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1341** **19-06-2024 - ൽ മറുപടിയ്ക്ക്**

**പൊതുമരാമത്ത് വകുപ്പിന്റെ പുറമ്പോക്ക് ഭൂമി ഒഴിപ്പിക്കാൻ നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സി.സി. മുകുന്ദൻ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ് (പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | നാട്ടിക മണ്ഡലത്തിലെ അവിണിശ്ശേരി പഞ്ചായത്തിലെ പാലക്കൽ സെന്ററിൽ പൊതുമരാമത്ത് വകുപ്പിന്റെ എത്ര ഭൂമി പുറമ്പോക്കായി കണ്ടെത്തിയിട്ടുണ്ടെന്ന് അറിയിക്കാമോ; | (എ) | റവന്യൂ/സർവ്വേ വിഭാഗം റോഡിന്റെ അതിരുകൾ അളന്ന് അതിർത്തി നിർണ്ണയം നടത്തി സമർപ്പിച്ച സ്കെച്ചുകൾ പ്രകാരം 0.0224 ഹെക്ടറാണ് പാലക്കൽ സെന്ററിൽ പുറമ്പോക്ക് ഭൂമിയായിട്ടുള്ളത്. |
| (ബി) | കെ.എസ്.ടി.പി. റോഡ് നിർമ്മാണം നടന്നു കൊണ്ടിരിക്കുന്ന പാലക്കൽ സെന്ററിൽ പൊതുമരാമത്ത് വകുപ്പിന്റെ പുറമ്പോക്ക് ഭൂമി ഒഴിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ? | (ബി) | റവന്യൂ വിഭാഗം നൽകിയ സ്കെച്ചുകൾ പ്രകാരം കയ്യേറ്റക്കാരാണെന്ന് കണ്ടെത്തിയ സ്ഥാപനങ്ങൾ / വ്യക്തികൾ എന്നിവർക്ക് കയ്യേറ്റങ്ങൾ ഒഴിയുന്നതിന് എക്സിക്യൂട്ടീവ് എൻജിനീയർ, കെ.എസ്.ടി.പി ഡിവിഷൻ കുറ്റിപ്പുറം കാര്യാലയത്തിൽ നിന്നും നിയമാനുസൃതം നോട്ടീസ് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ